كنيسة سنت جريجوريوس الهند أورتودوكس
ST. GREGORIOS INDIAN ORTHODOX CHURCH
Post Box No. 3156, Fujairah, UAE. Tel: 2225300

**ഫുജൈറ സെൻറ്.ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയുടെ ജൈവ പച്ചക്കറി തോട്ടത്തിൽ വിളവെടുപ്പ് നടത്തി**

ഫുജൈറ: സെൻറ്.ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ തരിശായി കിടന്ന ഭൂമിയിൽ ജൈവ കൃഷിയിറക്കി നൂറുമേനി വിളയിച്ചു. വിഷമുക്തമായ പച്ചക്കറി ഉൽപാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മുന്നേറ്റത്തിന് തുടക്കം കുറിച്ചത്. കുക്കുംബർ, തക്കാളി, വഴുതന, വെള്ളരി എന്നിങ്ങനെ വിവിധയിനം പച്ചക്കറി തൈകളാണ് കൃഷിയിറക്കിയത്. ജൈവവളം മാത്രമാണ് കൃഷിക്കായ് ഉപയോഗിക്കുന്നത്. വിളവെടുപ്പ് നടത്തുന്ന പച്ചക്കറികൾ ഇടവകാംഗങ്ങൾക്ക് തന്നെ വിൽപ്പന നടത്തുന്നു.

പൂർണ്ണമായും പാരമ്പര്യ സമ്പ്രദായത്തിൽ കൃഷിയിറക്കി പുതിയ തലമുറയ്ക്ക് കൃഷിയുടെ പാഠങ്ങൾ പകർന്നുകൊടുക്കുന്നതോടൊപ്പം വിഷരഹിത പച്ചക്കറി ഗൾഫ് മേഖലയിൽ പ്രോത്സാഹിപ്പിക്കാൻ കൂടിയാണ് പള്ളിപരിസരത്ത് തരിശുഭൂമിയിൽ കൃഷി ആരംഭിച്ചിരിക്കുന്നത്.

ജൈവ പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് ഉത്ഘാടനം ഫാ.ഡോ.എം.പി.ജോർജ്ജ്, വികാരി ഫാ.ലിജോ ജോസഫ് എന്നിവർ ചേർന്ന് നിർവ്വഹിച്ചു. ട്രസ്റ്റി.ഡോ.കെ.സി.ചെറിയാൻ, സെക്രട്ടറി. ജോജു മാത്യൂ എന്നിവർ വിളവെടുപ്പിന് നേതൃത്വം നൽകി.